"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ സജീവ അംഗങ്ങളായ തൊഴിലാളികളുടെ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2026-27 അധ്യയന വർഷത്തിൽ സൗജന്യ പഠന കിറ്റ് വിതരണം ചെയ്യുന്നതിന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.293/2026/LBR തീയതി,തിരുവനന്തപുരം, 26-02-2026

---

പരാമർശം:-
1. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 20/02/2026-ലെ 447-ാമത് യോഗതീരുമാനം.
2. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23/02/2026-ലെ ജി3/399/2026, 24/02/2026-ലെ ജി3-407/2026 എന്നീ നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ സജീവ അംഗങ്ങളായ തൊഴിലാളികളുടെ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2026-27 അധ്യയന വർഷത്തിൽ പഠന സഹായത്തിനായി ബാഗ്, കുട, വാട്ടർ ബോട്ടിൽ, ടിഫിൻ ബോക്സ്, 2 നോട്ട് ബുക്ക് എന്നിവയടങ്ങുന്ന സൗജന്യ പഠന കിറ്റ് വിതരണം ചെയ്യുന്നതിന് പരാമർശം (1)-ലെ ബോർഡ് യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2) മുൻ വർഷങ്ങളിൽ നൽകി വന്നതു പോലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമാണ് സൗജന്യ പഠന കിറ്റ് നൽകുന്നതെന്നും പഠന കിറ്റിനുള്ള അപേക്ഷ ക്ഷണിച്ചിട്ടില്ലെന്നും 2026-27 അധ്യയന വർഷത്തിൽ ഏകദേശം 6000 അപേക്ഷകളും 70,00,000/- രൂപ (എഴുപത് ലക്ഷം രൂപ മാത്രം) ചെലവും പ്രതീക്ഷിക്കുന്നതായും 2025-26 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ടി ആവശ്യത്തിനുള്ള തുക വകയിരുത്തിയിട്ടുണ്ടെന്നും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)-ലെ ബോർഡ് യോഗതീരുമാനം പരിഗണിച്ച്, പദ്ധതി നടപ്പിലാക്കിയതിനുശേഷം ഇത് സംബന്ധിച്ച ചെലവ് വിവരങ്ങൾ സർക്കാരിനെ അറിയിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ, ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ സജീവ അംഗങ്ങളായ

തൊഴിലാളികളുടെ, സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് 2026-27 അധ്യയന വർഷത്തിൽ പഠന സഹായത്തിനായി ബാഗ്, കുട, വാട്ടർ ബോട്ടിൽ, ടിഫിൻ ബോക്സ്, 2 നോട്ട് ബുക്ക് എന്നിവയടങ്ങുന്ന സൗജന്യ പഠന കിറ്റ് വിതരണം ചെയ്യുന്നതിന് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ജി നായർ
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Abhilash R P
Date: 26-02-2026 17:08:33
സെക്ഷൻ ഓഫീസർ

പകർപ്പ് :-
പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്.-ന്